# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3136

11.12.14 ൽ - മറുപടിക്ക്

## വെള്ളരിക്കുണ്ട് താലൂക്ക് പരിധിയിൽ താലൂക്ക് സപ്ലൈ ഓഫീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ഇ. ചന്ദ്രശേഖരൻ : | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | പുതുതായി രൂപീകരിച്ച വെള്ളരിക്കുണ്ട് താലൂക്ക് പരിധിയിൽ എത്ര റേഷൻ കാർഡുടമകളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ആകെ 32159 റേഷൻ കാർഡുടമകളാണ് ഉള്ളത്. |
| (ബി) | ഇവിടെ താലൂക്ക് സപ്ലൈ ഓഫീസിന്റെ ആവശ്യകത സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) & (സി) | ഉണ്ട്. പുതിയ താലൂക്ക് സപ്ലൈ ഓഫീസിന്റെ ആവശ്യകത പരിഗണിച്ച് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ആവശ്യകത പരിഗണിച്ച് സപ്ലൈ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | | |
| (ഡി) | സപ്ലൈ ഓഫീസ് ആരംഭിക്കേണ്ടുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ? | (ഡി) | താലൂക്ക് സപ്ലൈ ഓഫീസ് ആരംഭിക്കുന്നതിന് പ്രത്യേകിച്ച് മാനദണ്ഡങ്ങൾ ഇല്ല. ഒരു താലൂക്കിന് ഒരു സപ്ലൈ ഓഫീസ് എന്ന കണക്കിൽ അനുവദിച്ചു വരുന്നു. പിന്നോക്ക വിഭാഗക്കാരും ദരിദ്രരുമായ ജനത തിങ്ങിപ്പാർക്കുന്ന മലയോര മേഖലയിൽ നിന്നും സർക്കാർ സംബന്ധമായ ആവശ്യങ്ങൾക്ക് ഇപ്പോൾ ഏകദേശം 40-56 കിലോമീറ്റർ ദൂരം യാത്ര ചെയ്ത് കാഞ്ഞങ്ങാട് എത്തേണ്ടതായി വരുന്നു. വെള്ളരിക്കുണ്ട് താലൂക്ക് സപ്ലൈ ആഫീസിന്റെ ആരംഭത്തോടെ 7 പഞ്ചായത്തുകളിലെ 79 റേഷൻ കടകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഏകദേശം എഴുപതിനായിരത്തോളം കോളനി നിവാസികൾക്കും ഗിരിവർഗ്ഗക്കാരായ ആളുകൾക്കും സർക്കാർ സേവനം സമീപത്തായി ലഭിക്കുന്നു എന്നുള്ളതാണ് താലൂക്ക് സപ്ലൈ ഓഫീസ് തുടങ്ങുന്നതിന് നിദാനമായിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ